# മേനകഗാന്ധിയുടെ 'അഷാരി'

കെ. എസ്. നാരായണൻ

മൃഗസ്നേഹി എന്ന നിലയിൽ ലോകപ്രശസ്തയായ മേനകാ ഗാന്ധിയുടെ സ്വപ്നപദ്ധതി സാക്ഷാൽക്കാരത്തിന്റെ പാതയിലാണിപ്പോൾ.

കൽക്കത്തയ്ക്കടുത്ത് കലികാപ്പൂരിൽ നാലര ഏക്കർ സ്ഥലത്ത് മേനകയുടെ സ്വപ്നപദ്ധതിയായ അനിമൽ ഷെൽട്ടർ, ഹോസ്പിറ്റൽ ആൻറ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടി (അഷാരി)ന്റെ പണി പുരോഗമിച്ചുവരുന്നു.

ഈ പദ്ധതിയിൽ മേനകയുടെ സഹകാരി നായകളുടെ മനോവൃത്തി പഠനത്തിൽ പ്രശസ്തനായ ദേവാശിഷ് ചക്രവർത്തിയാണ്. ആടുകൾക്കും പശുക്കൾക്കും വരുന്ന രോഗങ്ങൾക്കുള്ള ചികിത്സയും ഗവേഷണവുമാണ് അഷാരിയിൽ പ്രധാനമായും നടക്കുക. അതോടൊപ്പം മൃഗസംരക്ഷണത്തിന്റെയും പരിസ്ഥിതി സംരക്ഷണത്തിന്റെ മേഖലകളിലുള്ള ഗവേഷണ പഠനങ്ങളും വിഭാവനം ചെയ്യപ്പെട്ടിരിക്കുന്നു.

സ്ഥാപനത്തിനുവേണ്ട വൈദ്യുതി ബദൽ മാർഗ്ഗങ്ങളിലൂടെ ഉത്പാദിപ്പിക്കാനാണ് പദ്ധതി - ജൈവവാതകം. സൗരോർജം. കാറ്റിൽനിന്നുള്ള വൈദ്യുതി എന്നിവയെല്ലാം ഉപയോഗിക്കപ്പെടും.

അമ്പതിനായിരം ചതുരശ്ര അടി വിസ്തീർണ്ണത്തിൽ ഒരു ജലാശയവും പദ്ധതിയുടെ ഭാഗമായി ഉണ്ടായിരിക്കും. ദേശാടനപക്ഷികൾക്കും വംശനാശ ഭീഷണി നേരിടുന്ന ആമകൾക്കും ഉഭയജീവികൾക്കും ജലജീവികൾക്കും ഈ ജലാശയം അഭയം നല്കും.

രണ്ടായിരം സ്പീഷിസുകളിൽപെട്ട സസ്യങ്ങളും അഷാരിയിൽ വളർത്തും.

പെറ്റ് തെറാപ്പിയും അഷാരി നടപ്പിലാക്കാനുദ്ദേശിക്കുന്ന ഒരു പദ്ധതിയാണ്. ചില പ്രത്യേക മാനസിക-ശാരീരിക വൈകല്യങ്ങളും അസ്വസ്ഥതകളും ഉള്ളവർക്ക് വളർത്തുമൃഗങ്ങളെ ലാളിച്ചും ഓമനിച്ചും രോഗമുക്തി നേടാൻ സഹായിക്കുന്ന ചികിത്സാ മേഖലയാണ് പെറ്റ് തെറാപ്പി.

മൊത്തം മൂന്നര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി കഴിഞ്ഞ നവംബറിൽ പണി തുടങ്ങിയെങ്കിലും ഇപ്പോൾ പണി മന്ദഗതിയിലാണ് - സാമ്പത്തിക ഞെരുക്കമാണ് കാരണം.